# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1179**

02.03.2017-ൽ മറുപടിക്ക്

## തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവ് പാലം പുനർനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | | ശ്രീ. ജി.സുധാകരൻ (ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവ് പാലം പുനർനിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | പുതിയ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം വള്ളക്കടവ് പാലം പുനർനിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുത്ത് തരുന്നതിന് വേണ്ടിയുള്ള പുതുക്കിയ റിക്വിസിഷൻ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. പുതിയ പാലത്തിന് വേണ്ടി നിലവിലുള്ള 2011-ലെ ഡിസൈൻ നിബന്ധനകളും പുതിയ ഇൻലാന്റ് നാവിഗേഷൻ നിബന്ധനകളും നിലവിലുള്ള സ്ഥലപരിമിതികളും പരിഗണിച്ച് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം പുതിയ രൂപകല്പന ചെയ്തുവരികയാണ്. ആവശ്യമായ സ്ഥലവും പുതുക്കിയ ഡിസൈനും ലഭ്യമാകുന്ന മുറയ്ക്ക് പാലം പുനർ നിർമ്മാണത്തിനുവേണ്ട ഭരണാനുമതി നൽകാൻ കഴിയും. |
| (ബി) | വള്ളക്കടവ് പാലത്തിന്റെ ബലക്ഷയം സംബന്ധിച്ച് പത്ര മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള വള്ളക്കടവ് പാലത്തിന്റെ സ്ഥിതി പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറും, ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയറും സ്ഥലം പരിശോധിക്കുകയും ഇതിന്റെ ബലക്ഷയം പരിഗണിച്ച് ഗതാഗത നിയന്ത്രണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ സ്ഥലവാസികളുടെ എതിർപ്പുമൂലം ഇത് നടപ്പിലാക്കാൻ സാധിച്ചില്ല. ഇക്കാര്യം ഉന്നത ഉദ്യോഗസ്ഥരും ജില്ലാ കളക്ടറുമായി ചർച്ച ചെയ്യുകയുണ്ടായി. വള്ളക്കടവ് |

പാലത്തിൽ കൂടിയുള്ള വാഹനങ്ങൾ പൊന്നറ പാലം വഴിയാണ് തിരിഞ്ഞു പോകേണ്ടത്. എന്നാൽ ടി റോഡിന്റെ നവീകരണ പ്രവൃത്തികൾ നടന്നു വരികയാണ്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സ്ഥലം എം.എൽ.എ, പൊതുമരാമത്ത് ഉദ്യോഗസ്ഥർ മറ്റ് ജനപ്രതിനിധികൾ എന്നിവരുടെ ഒരു യോഗം ഉടനെ വിളിച്ച് ചേർക്കുന്നതാണ്. മേൽ പറഞ്ഞ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ തീരുന്ന മുറക്ക് വാഹന ഗതാഗത നിയന്ത്രണം നടപ്പിലാക്കാൻ കഴിയും. പാലം പുതുക്കി നിർമ്മിക്കരുതെന്ന് നിലപാട് എടുക്കുന്ന ശക്തികൾ ഉണ്ടായത് എന്തുകൊണ്ടാണെന്ന് വ്യക്തമായിട്ടില്ല.

(സി) വള്ളക്കടവ് പാലം പുനർനിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(സി) പുതിയ പാലത്തിന്റെ ഡിസൈനും സ്ഥലവും ലഭിക്കുന്ന മുറയ്ക്ക് പാലം പുനർനിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ